# ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം-ആരോഗ്യവകുപ്പ്-സേവനകാര്യം-01/12/2012 മുതൽ 31/12/2014 വരെയുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെ കരട് സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന-ഈ ഓഫീസ് ഉത്തരവ് നമ്പർ ഇ.എസ്3-89444/2012/അ.വ.ഡ തീയതി 18/01/2013.

## ഉത്തരവ് നമ്പർ.ഇ.എസ്3-58830/2015/അ.വ.ഡ തീയതി 21/08/2015

മേൽ സൂചന ഉത്തരവ് പ്രകാരം 01/01/2011 മുതൽ 30/11/2012 വരെയുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെ അന്തിമ സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ആയതിന് തുടർച്ചയായി 01/12/2012 മുതൽ 31/12/2014 വരെയുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെ കരട് സീനിയോറിട്ടി പട്ടിക തയ്യാറാക്കി ഇതോടൊപ്പം അനുബന്ധമായി പ്രസിദ്ധീകരിക്കുന്നു. പ്രസ്തുത കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രൊമോഷൻ ഉത്തരവുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിലാണ് കരട് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. കരട് സീനിയോറിട്ടി പട്ടികയിൻമേൽ ബന്ധപ്പെട്ട ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളുണ്ടെങ്കിൽ ആയത് ഉപോൽബലകമായ രേഖകൾക്കൊപ്പം **ഈ ഉത്തരവ് തീയതിക്ക് 15 ദിവസത്തിനകം** ഈ ഓഫീസിൽ ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. ശ്രീലത.ബി**
**അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)**

സ്വീകർത്താക്കൾ- ബന്ധപ്പെട്ട ജീവനക്കാർ (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്-1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന ബന്ധപ്പെട്ട ജീവനക്കാർക്കുള്ള അറിയിപ്പിനും തുടർനടപടികൾക്കുമായി)

2) വെബ്സൈറ്റ്.**www.dhs.kerala.gov.in**

3) ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്